കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

59 (60) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) 18 വകുപ്പുകളെ മാത്രം ഇതിൽ ഉൾപ്പെടുത്താനുള്ള കാരണമെന്താണ്; ബാക്കി വകുപ്പുകളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച 'ദികേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്' എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് [16-8-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 228/14/പൊ.ഭ.] പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 18 വകുപ്പുകളെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്താനാണ് പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്തിരുന്നത്. മറ്റ് വകുപ്പുകളെ കൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

പുതിയ തസ്തികകൾ

60 (61) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഇത് വരെയായി വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും, അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി 22-1-2014 വരെ 22058 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അവ ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ടതാണെന്ന വിവരം അനുബന്ധം-1 ആയി ചേർക്കുന്നു*. അവശേഷിക്കുന്ന കാലഘട്ടത്തിലെ വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകപ്പുകളിലായി 18422 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റുകളുടെ വിശദാംശങ്ങൾ

61 (62) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പി.എസ്.സി. ഷോർട്ട് ലിസ്റ്റുകളുടെയും റാങ്ക് ലിസ്റ്റുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ആലപ്പുഴ ജില്ലാ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്യപ്പെട്ട വിവിധ തസ്തികകളിലേയ്ക്കുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) എച്ച്.എസ്.എസ്.ടി. ഫിസിക്സ്, കെമിസ്ട്രി, കണക്ക് വിഭാഗങ്ങളിൽ പി.എസ്.സി. പരീക്ഷയും ഇന്റർവ്യൂവും നടത്തിയെങ്കിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഈ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) ആലപ്പുഴ ജില്ലയിൽ എൽ.ഡി.സി. തസ്തികയിൽ നിലവിൽ പി.എസ്.സി. ലിസ്റ്റിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ഗ്രൂപ്പ് സി തസ്തികകളിലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രൊമോഷൻ

62 (63) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ ഗ്രൂപ്പ്-സി തസ്തികകളിലേക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 10% പ്രൊമോഷൻ സംവരണം എന്ന സർക്കാർ തീരുമാനം അനുസരിച്ച് ഏതെല്ലാം വകുപ്പുകളിലാണ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഇത് വരെ പ്രൊമോഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് വരെ പ്രൊമോഷൻ നൽകാത്ത വകുപ്പുകളിൽ പ്രൊമോഷൻ നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly